പതിനാലാം കേരളനിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1367** **03.10.2016-ൽ മറുപടിക്ക്**

## ഇതരസംസ്ഥാനതൊഴിലാളികളുടെ രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് തൊഴിൽ തേടി വരുന്ന ഇതരസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ എന്തെങ്കിലും നടപടികൾ ഉണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് തൊഴിൽതേടി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ സംവിധാനമില്ല. എന്നാൽ പി.എച്ച്.ക്യൂ. എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/09 പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകളിൽ നടന്നു വരുന്നുണ്ട്. |
| (ബി) പോലീസ് സ്റ്റേഷനുകളിൽ ഇവരുടെ വിവരങ്ങൾ ശേഖരിച്ചു വയ്ക്കുന്ന സമ്പ്രദായം നിലവിലുണ്ടോ; ഏതെങ്കിലും പോലീസ് സ്റ്റേഷനുകളിൽ ഇത്തരത്തിലുള്ള വിവരം ലഭ്യമാണോ; ഇപ്രകാരം ഓരോ പോലീസ് സ്റ്റേഷനിലും രജിസ്ട്രേഷനു വേണ്ടി ലഭിച്ച അപേക്ഷകൾ എത്ര; | (ബി) ഉണ്ട്.<br>അന്യസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാനും നിരീക്ഷിക്കാനും, ഇവരെ സംബന്ധിച്ച വിശദ വിവരങ്ങൾ ശേഖരിച്ച് അതാതു പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഇവരുടെ ഫോട്ടോ, വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കൾ ശേഖരിക്കുകയും, അതിൻ പ്രകാരം അവർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റാബേസ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുകയും ആവശ്യമുള്ള സന്ദർഭങ്ങളിൽ ഇവ പ്രയോജനപ്പെടുത്തുകയും ചെയ്തു വരുന്നു. എല്ലാ ജില്ലകളിലും പ്രസ്തുത വിവര ശേഖരണം പൂർണ്ണ തോതിലായിട്ടില്ലാത്തതിനാൽ ലഭ്യമായ വിവരങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>(പോലീസ് സ്റ്റേഷനുകളിൽ രജിസ്ട്രേഷനു വേണ്ടി ഇതരസംസ്ഥാന തൊഴിലാളികൾ അപേക്ഷ നൽകാറില്ല). |

| ക്രമ നമ്പർ | ജില്ല | ശേഖരിക്കപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം | പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരം |
|---|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 5205 } 8686 | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| 2 | തിരുവനന്തപുരം റൂറൽ | 3481 | |
| 3 | കൊല്ലം സിറ്റി | 4206 } 8093 | |
| 4 | കൊല്ലം റൂറൽ | 3887 | |
| 5 | പത്തനംതിട്ട | 9414 | |
| 6 | ആലപ്പുഴ | 4543 | |
| 7 | കോട്ടയം | 9683 | |
| 8 | ഇടുക്കി | 3812 | |
| 9 | കൊച്ചി സിറ്റി | 13866 } 32268 | |
| 10 | എറണാകുളം റൂറൽ | 18402 | |
| 11 | തൃശ്ശൂർ സിറ്റി | 4299 } 10695 | |
| 12 | തൃശ്ശൂർ റൂറൽ | 6396 | |
| 13 | പാലക്കാട് | 7228 | |
| 14 | മലപ്പുറം | 8110 | |
| 15 | കോഴിക്കോട് സിറ്റി | 4420 } 9585 | |
| 16 | കോഴിക്കോട് റൂറൽ | 5165 | |
| 17 | വയനാട് | 2370 | |
| 18 | കണ്ണൂർ | 10280 | |
| 19 | കാസർഗോഡ് | 3272 | |
| | ആകെ | 128039 | |

(സി) ഇവർ നൽകുന്ന ഐ.ഡി. കാർഡിന്റെ വിശ്വാസ്യത പരിശോധിക്കുവാനും, വ്യാജ ഐഡന്റിറ്റി കാർഡ് സമർപ്പിക്കുന്നവരെ കണ്ടെത്തുവാനും നടപടി സ്വീകരിക്കുമോ;

(സി) വ്യാജ ഐഡന്റിറ്റി കാർഡ് ഹാജരാക്കിയതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇപ്രകാരം ഏതെങ്കിലും അപേക്ഷകളോടൊപ്പമുള്ള ഐ.ഡി. കാർഡ് വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വ്യാജ ഐ.ഡി. കാർഡ് തൊഴിൽ ദാതാവിന് സമർപ്പിച്ചതുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ഇടുക്കി ജില്ലയിൽ വണ്ടിപ്പെരിയാർ പി.എസ്. ക്രൈം.371/16

2. എറണാകുളം റൂറൽ ജില്ലയിൽ ബിനാനിപുരം പി.എസ്. ക്രൈം. 678/11 u/s 468, 471, 34 IPC.

| | |
|---|---|
| (ഇ) ഇവരുടെ രജിസ്ട്രേഷന് വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) അന്യസംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ഡാറ്റാ തയ്യാറാക്കലും തൊഴിൽ, ആഭ്യന്തര വകുപ്പുകളിലായി നടന്നുവരുന്നതിനാൽ വിശദമായ കൂടിയാലോചനയ്ക്ക് ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്